
എ.വൈ.ആർ



**പ്രവാചകന്മാർക്ക് അല്ലാഹു നൽകുന്ന പ്രഥമ ശാസന മൂന്നു കാര്യങ്ങളാണ്. നല്ലതു ഭക്ഷിക്കുക, നല്ലതു പ്രവർത്തിക്കുക, സകല പ്രവർത്തനങ്ങളും അല്ലാഹു അറിയുന്നുണ്ടെന്ന് ഓർത്തിരിക്കുക. ദീനിന്റെയും ശരീഅത്തിന്റെയുമൊക്കെ കാതലാണീ ശാസനകൾ.**

يَٰٓأَيُّهَا ٱلرُّسُلُ كُلُواْ مِنَ ٱلطَّيِّبَٰتِ وَٱعْمَلُواْ صَٰلِحًا ۖ إِنِّى بِمَا تَعْمَلُونَ عَلِيمٌ ﴿٥١﴾

51. അല്ലയോ ദൈവദൂതന്മാരേ, സദ്‌വിഭവങ്ങൾ ആഹരിക്കുവിൻ, സൽക്കർമങ്ങളാചരിക്കുവിൻ. നിങ്ങൾ ചെയ്യുന്നതൊക്കെയും ഞാൻ നന്നായി അറിയുന്നുണ്ട്.

**51**

يَٰٓأَيُّهَا ٱلرُّسُلُ = അല്ലയോ ദൈവദൂതന്മാരേ കُلُواْ مِنَ ٱلطَّيِّبَٰتِ = സദ്‌വിഭവങ്ങ(ൾ)ളിൽ നിന്ന് ആഹരിക്കുവിൻ

وَٱعْمَلُوٓاْ = ചെയ്യു(ആചരിക്കു)വിൻ صَٰلِحًا ۖ = നല്ലതിനെ (സത്കർമങ്ങൾ) إِنِّى = തീർച്ചയായും ഞാൻ

بِمَا تَعْمَلُونَ = നിങ്ങൾ ചെയ്യുന്നത്(തൊക്കെയും) കൊണ്ട് عَلِيمٌ = നന്നായി അറിയുന്ന(ന്നു)വനാകുന്നു

**അ**ന്ത്യപ്രവാചകനായ മുഹമ്മദി(സ)നാണ് ഈ സൂക്തം അവതരിക്കുന്നത്. അദ്ദേഹമല്ലാത്ത എല്ലാ പ്രവാചകന്മാരും അതിന് മുമ്പ് മൺമറഞ്ഞുപോയിരുന്നു. എങ്കിലും അവരൊക്കെയും മുന്നിൽ നിൽക്കുന്നു എന്നവണ്ണം എല്ലാ പ്രവാചകന്മാരെയും അഭിസംബോധന ചെയ്യുകയാണീ സൂക്തം. കാലയവനികക്കുള്ളിൽ മറഞ്ഞു പോയവരെ ഈ വിധം അനുശാസിക്കുന്നതിനെന്തു പ്രസക്തി എന്നു ചോദിക്കാം. എല്ലാ പ്രവാചകന്മാരുടെയും മൗലിക ധർമം ഒന്നു തന്നെയാണെന്നു വ്യക്തമാക്കുകയാണിവിടെ. ഇതായിരുന്നു ഓരോ പ്രവാചകനും അല്ലാഹു നൽകിയ അടിസ്ഥാനപരമായ സന്ദേശം. അവരെല്ലാവരും ഒരേ തത്ത്വസംഹിതയുടെ, ആദർശത്തിന്റെ വക്താക്കളായിരുന്നു. ഒരൊറ്റ സമുദായമായിരുന്നു. ഒരു സവിശേഷ സംസ്കാരവും ദർശനവുമുള്ള ജനതയാണ് أمة . എല്ലാ പ്രവാചകന്മാരും പ്രചരിപ്പിച്ച സംസ്കാരവും ദർശനവും ഒന്നായിരുന്നതുകൊണ്ട് അവരെല്ലാം ഒരൊറ്റ പ്രസ്ഥാനമായിരുന്നുവെന്നു പറയാം.

ചില പണ്ഡിതന്മാർ മുഹമ്മദ് നബിയുടെ മുന്നിൽ പൂർവ പ്രവാചകന്മാരെ സംബോധന ചെയ്യുന്നതിനെ ഇങ്ങനെയും വ്യാഖ്യാനിച്ചിരിക്കുന്നു: ഖുർആൻ അനാദിയായ ദൈവിക വചനമാണ്. പണ്ടേ ലൗഹുൽ മഹ്ഫൂളിൽ സ്ഥിരപ്പെട്ടത്. മുഹമ്മദ് നബിക്കു മുമ്പുണ്ടായിരുന്ന എല്ലാ ദൈവ ദൂതന്മാർക്കും ഇറക്കിയതുപോലെ ഇപ്പോൾ അതു മുഹമ്മദ് നബിക്കും ഇറക്കിയിരിക്കുകയാണ്. ഭൂതകാല സംഭവങ്ങളെ വർത്തമാനമായും ഭാവിയായും ഭാവി വർത്തമാനങ്ങളെ ഭൂതമായും അവതരിപ്പിക്കുന്നതിന് ഖുർആനിൽ വേറെയും ഉദാഹരണങ്ങളുണ്ട്. മുഹമ്മദ് നബിക്ക് ശേഷം വരുന്ന പ്രവാചകന്മാരെയാണ് ഈ സൂക്തം സംബോധന ചെയ്യുന്നതെന്നും, തങ്ങളുടെ പ്രവാചകത്വത്തിന് അത് പ്രമാണങ്ങളാണെന്നും പിൽക്കാലത്ത് വന്ന ചില വ്യാജ പ്രവാചകന്മാർ വാദിച്ചിട്ടുണ്ട്. എന്നാൽ അന്ത്യപ്രവാചകൻ മുഹമ്മദ് (സ) അങ്ങനെയൊരർഥം ഈ വചനത്തിനു നൽകിയിട്ടില്ല. അദ്ദേഹത്തിനാണല്ലോ ഖുർആൻ അവതരിച്ചത്. പ്രവാചക ശിഷ്യന്മാരോ അവരുടെ പിൻഗാമികളോ (താബിഉകൾ) അങ്ങനെ മനസ്സിലാക്കിയിട്ടുമില്ല.

ഇവിടെ പ്രവാചകന്മാർക്ക് അല്ലാഹു നൽകുന്ന പ്രഥമ ശാസന മൂന്നു കാര്യങ്ങളാണ്. നല്ലതു ഭക്ഷിക്കുക, നല്ലതു പ്രവർത്തിക്കുക, സകല പ്രവർത്തനങ്ങളും അല്ലാഹു അറിയുന്നുണ്ടെന്ന് ഓർത്തിരിക്കുക. ദീനിന്റെയും ശരീഅത്തിന്റെയുമൊക്കെ കാതലാണീ ശാസനകൾ. മർത്യ ജീവിതത്തിന്റെ

നിലനിൽപ്പിന്റെ ആധാരമാണ് ആഹാരം. മറ്റു ജീവജാലങ്ങളെപ്പോലെ മനുഷ്യനും അധ്വാന ശേഷിയുടെ മുഖ്യ ഭാഗം വ്യയം ചെയ്യുന്നത് ആഹാര സമ്പാദനത്തിന് വേണ്ടിയാണ്. പ്രവാചകന്മാരോട് നല്ലതു ഭക്ഷിക്കുക എന്ന് കൽപ്പിക്കുന്നത് അവരുടെ പ്രഥമ ദൗത്യം ഭക്ഷണം കഴിക്കലാണ് എന്ന അർഥത്തിലല്ല. ഭക്ഷണം കഴിക്കാൻ മനുഷ്യന് ആരുടെയും കൽപ്പന ആവശ്യമില്ല. അവന്റെ പ്രകൃതി തന്നെ യഥാ സമയം അത് ആവശ്യപ്പെട്ടുകൊണ്ടിരിക്കും. മറ്റെന്തിനെക്കാളും പ്രധാനമായി അവനതു പരിഗണിക്കുകയും അനുസരിക്കുകയും ചെയ്തുകൊണ്ടുമിരിക്കും. കഴിക്കുന്ന ഭക്ഷണം നല്ലതായിരിക്കുക എന്നതാണ് ദീനിന്റെ വിഷയം. സദ്‌വിഭവ-طيبات -ത്തിന് രണ്ട് മാനങ്ങളുണ്ട്. ഒന്ന്, മാലിന്യമുക്തവും പോഷക പ്രധാനവും രുചികരവുമായിരിക്കുക. രണ്ട്, ധാർമികമായും സാംസ്കാരികമായും ഹിതകരമായിരിക്കുക. പ്രവാചകന്മാർക്ക് ഈ കൽപന നൽകുന്നത് അവർ സ്വീകരിക്കേണ്ട ചര്യയായിട്ടു മാത്രമല്ല; പ്രബോധനം ചെയ്യേണ്ട സന്ദേശമായിട്ടു കൂടിയാണ്. ആഹാരം നല്ലതായിരിക്കുക വിചാരവും കർമവും നന്നാകുന്നതിന്റെ ഉപാധിയാണ്. ശുദ്ധാശുദ്ധ വിവേചനവും ധർമാധർമ വിചാരവുമില്ലാതെ എന്തും എങ്ങനെയും വാരിവലിച്ച് അകത്താക്കുക മൃഗങ്ങളുടെ സ്വഭാവമാണ്. ആ സ്വഭാവം ശീലിക്കുന്ന മനുഷ്യർക്ക് വാക്കിലും വിചാരത്തിലും കർമങ്ങളിലും നന്മതിന്മാ വിവേചനം പാലിക്കാനാവില്ല.




പ്രവാചകവര്യന്മാർ ജീവിച്ചിരുന്നത് സ്വന്തം അധ്വാനഫലം കൊണ്ടായിരുന്നു. ഒരിക്കൽ നബി (സ) പ്രസ്താവിച്ചു: "ഇടയവൃത്തി ചെയ്യാത്ത പ്രവാചകന്മാരില്ല." ശിഷ്യന്മാർ ചോദിച്ചു: "അങ്ങും അങ്ങനെയാണോ തിരുദൂതരേ?" പ്രവാചകൻ പറഞ്ഞു: "അതെ, ഞാനും മക്കാവാസികളുടെ ആടുകളെ മേച്ചിരുന്നു" (മുസ്‌ലിം). മുസ്‌ലിമും അഹ്മദും തിർമിദിയും ഉദ്ധരിച്ച ഒരു ഹദീസിൽ നബി (സ) പ്രസ്താവിച്ചതായി പറയുന്നു: "അല്ലയോ ജനങ്ങളേ, അല്ലാഹു നല്ലവനാകുന്നു. നല്ലതല്ലാതൊന്നും അവൻ സ്വീകരിക്കുകയില്ല. അല്ലാഹു ദൈവദൂതന്മാരോട് കൽപ്പിച്ച കാര്യം സത്യവിശ്വാസികളോടും കൽപ്പിച്ചിരിക്കുന്നു. അവൻ കൽപ്പിച്ചു:

يَـٰٓأَيُّهَا ٱلرُّسُلُ كُلُوا۟ مِنَ ٱلطَّيِّبَـٰتِ وَٱعْمَلُوا۟ صَـٰلِحًا ۖ إِنِّى بِمَا تَعْمَلُونَ عَلِيمٌ

(*അൽമുഅ്മിനൂൻ* 51).

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ كُلُوا۟ مِن طَيِّبَـٰتِ مَا رَزَقْنَـٰكُمْ

(അല്ലയോ സത്യവിശ്വാസകളേ, നാം നിങ്ങൾക്കു നൽകിയിട്ടുള്ള സദ് വിഭവങ്ങൾ ആഹരിക്കുവിൻ" (*അൽബഖറ* 172). തുടർന്ന് നബി (സ) ഒരു മനുഷ്യനെ അനുസ്മരിച്ചു: "അയാൾ ദീർഘ ദീർഘം സഞ്ചരിക്കുന്ന, ജഡ പിടിച്ചവനും പൊടിപുരണ്ടവനുമാണ്. അയാൾ മാനത്തേക്ക് കൈയുയർത്തി, നാഥാ നാഥാ എന്നു വിളിക്കുന്നു. അവന്റെ ഭക്ഷണം നിഷിദ്ധമായത്, പാനീയം നിഷിദ്ധമായത്, വസ്ത്രം നിഷിദ്ധമായത്, പോഷണം നിഷിദ്ധമായത്. ഇങ്ങനെയുള്ളവന്ന് എവിടന്ന് ഉത്തരം ലഭിക്കാൻ?!" ഒരു ദിവസം നോമ്പെടുത്ത പ്രവാചകൻ നോമ്പു തുറക്കുന്ന സമയത്ത് ശദ്ദാദ്ബ്നിൻ ഔസിന്റെ സഹോദരി ഉമ്മു അബ്ദില്ല അദ്ദേഹത്തിന് ഒരു കപ്പ് പാൽ കൊടുത്തയച്ചു. നബി (സ) അത് തിരിച്ചയച്ച് കൊണ്ട് അവരോട് അന്വേഷിച്ചു: "നിങ്ങൾക്കീ പാല് എവിടന്ന് കിട്ടി?" അവർ അറിയിച്ചു: "എന്റെ ആടിൽ നിന്ന്." നബി(സ) വീണ്ടും അതു തിരിച്ചയച്ചുകൊണ്ട് ആരാഞ്ഞു: "ആടിനെ എവിടന്ന് കിട്ടി?" അവർ അറിയിച്ചു: "ഞാൻ പണം കൊടുത്തു വാങ്ങി." ചില നിവേദനങ്ങളിൽ നബി(സ) പിന്നെയും പാൽ തിരിച്ചയച്ചു കൊണ്ട് പണം എവിടന്ന് കിട്ടി എന്ന് ചോദിക്കുന്നതായും അതു താൻ ശേഖരിച്ചുണ്ടാക്കിയതാണെന്ന് അവർ മറുപടി നൽകുന്നതായും കൂടി പറയുന്നുണ്ട്. തുടർന്ന് നബി (സ) പാൽ കുടിച്ചു. പിറ്റേന്ന് കാലത്ത് ഉമ്മു അബ്ദില്ല പ്രവാചകന്റെ മുമ്പിൽ നേരിട്ടെത്തിയിട്ട് ചോദിച്ചു: "തിരുദൂതരേ, അങ്ങ് എന്റെ പാൽ ആദ്യം നിരസിച്ചത് എന്തുകൊണ്ടാണ്?" നബി (സ) പറഞ്ഞു: "നല്ല വിഭവമല്ലാതൊന്നും ഭുജിക്കരുതെന്നും സൽക്കർമമല്ലാത്തതൊന്നും ചെയ്യരുതെന്നും ദൈവദൂതന്മാർ കൽപ്പിക്കപ്പെട്ടിരിക്കുന്നു" (അഹ്മദ്, ഇബ്നു ഹാതിം, ഇബ്നു മർദ വൈഹി). മനുഷ്യൻ ആഹരിക്കുന്ന വിഭവങ്ങളിൽ ഏറ്റം മെച്ചപ്പെട്ടതാണ് പാൽ. അത് തന്റെ ഒരു ശിഷ്യ(സ്വഹാബിയ്യ)യിൽ നിന്ന് ലഭിച്ചതായിട്ടും നബി(സ) ഉടനെ വാങ്ങി കുടിച്ചില്ല. അവർക്കത് എങ്ങനെ കിട്ടി, എവിടന്ന് കിട്ടി എന്നൊക്കെ അന്വേഷിച്ച് ഹലാലായ മാർഗത്തിലൂടെ ലഭിച്ചതാണെന്ന് ഉറപ്പുവരുത്തിയ ശേഷമേ കഴിച്ചുള്ളൂ. ശിഷ്യയുടെ സത്യസന്ധതയിലും ധാർമികതയിലും സംശയമുള്ളതു കൊണ്ടാവണമെന്നില്ല നബി ഇങ്ങനെ ചെയ്തത്. ലഭിക്കുന്ന ആഹാരം ശുദ്ധമായിരിക്കണമെന്ന പോലെ തന്നെ, ലഭിച്ച മാർഗവും ശുദ്ധമാണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ടെന്ന് സമൂഹത്തെ പഠിപ്പിക്കാൻ അതൊരവസരമാക്കിയതാകാം.

പ്രവർത്തനശേഷിയേകുന്ന ആഹാരം നന്നാകുന്ന തോടൊപ്പം ആ ശേഷി ഉപയോഗിച്ചു ചെയ്യുന്ന പ്രവർത്തനവും നന്നായിരിക്കണം. ആഹാരം പ്രവർത്തനശേഷിയുടെ അനിവാര്യതയായതു പോലെ ആഹാരത്തിന്റെ ശുദ്ധി കർമശുദ്ധിയുടെയും അനിവാര്യതയാണ്. ഇവിടെ കർമം-عمل-എന്നു പറഞ്ഞതിൽ കൈകാലുകൾ കൊണ്ടുള്ള കർമങ്ങൾക്ക് പുറമെ നാവുകൊണ്ടുള്ള സംസാരവും മനസ്സുകൊണ്ടുള്ള വിചാരവും കൂടി ഉൾപ്പെടുന്നു. ആഹാരവും ആചാരവും ശുദ്ധമാകുന്നതോടെ മനുഷ്യൻ ശുദ്ധനാകുന്നു. ഈ ശുദ്ധിയാണ് പ്രവാചക ദൗത്യത്തിന്റെ-ദൈവിക ദീനിന്റെ ലക്ഷ്യം. ആഹാരത്തിലും ആചാരത്തിലും ശുദ്ധി കൈവരിക്കാനുള്ള മാർഗമാണ് ദൈവ വിചാരം. താൻ തിന്നുന്നതും കുടിക്കുന്നതും ചിന്തിക്കുന്നതും പറയുന്നതും പ്രവർത്തിക്കുന്നതുമെല്ലാം സ്രഷ്ടാവായ ദൈവം കണ്ടുകൊണ്ടിരിക്കുന്നുവെന്നും, അവന്റെ അപ്രീതിക്കിടയാക്കുന്നതൊന്നും ഭുജിക്കുകയോ പ്രവർത്തിക്കുകയോ ചെയ്തു കൂടെന്നും, അഥവാ ചെയ്താൽ അവന്റെ മുമ്പിൽ കണക്ക് പറയേണ്ടി വരുമെന്നുമുള്ള ബോധം. അതാണ് സത്യവിശ്വാസം-ഈമാൻ. إِنِّي بِمَا تَعْمَلُونَ عَلِيمٌ എന്ന വാക്യം ഒരു താക്കീതാണ്; ഒപ്പം സാന്ത്വനവും. അതായത് നിങ്ങൾ നല്ലത് തിന്നുകയും നല്ലത് പ്രവർത്തിക്കുകയുമാണെങ്കിൽ ഞാൻ അത് അറിയുകയും അർഹിക്കുന്ന സമ്മാനം നൽകുകയും ചെയ്യും. മറിച്ച് അശുദ്ധമായത് തിന്നുകയും ദുഷ്ടതകൾ പ്രവർത്തിക്കുകയുമാണെങ്കിൽ അതും ഞാൻ അറിയും. അർഹിക്കുന്ന ശിക്ഷ വിധിക്കുകയും ചെയ്യും. ■

وَإِنَّ هَٰذِهِۦٓ أُمَّتُكُمْ أُمَّةً وَٰحِدَةً وَأَنَا۠ رَبُّكُمْ فَٱتَّقُونِ ﴿٥٢﴾

52. നിങ്ങളുടെ ഈ സമുദായം ഒരേക സമുദായമാകുന്നു. ഞാൻ നിങ്ങളുടെ വിധാതാവും. ആകയാൽ എന്നോടു മാത്രം ഭയഭക്തി പുലർത്തുവിൻ.

فَتَقَطَّعُوٓا۟ أَمْرَهُم بَيْنَهُمْ زُبُرًا ۖ كُلُّ حِزْبٍۭ بِمَا لَدَيْهِمْ فَرِحُونَ ﴿٥٣﴾

53. പിന്നീട് ജനം അവരുടെ ദീനിനെ തങ്ങൾക്കിടയിൽ കക്ഷികളാക്കി വിഭജിക്കുകയായിരുന്നു. ഓരോ കക്ഷിയും താന്താങ്ങളുടെ കൈവശമുള്ളതിൽ നിഗളിക്കുന്നു.

**52,53**

وَإِنَّ هَٰذِهِۦٓ أُمَّتُكُمْ = നിങ്ങളുടെ ഈ സമുദായം, പ്രസ്ഥാനം أُمَّةً وَٰحِدَةً = ഒരു ഏക സമുദായം, പ്രസ്ഥാനം ആകുന്നു

وَأَنَا۠ = ഞാൻ رَبُّكُمْ = നിങ്ങളുടെ വിധാതാവും

فَٱتَّقُونِ = ആകയാൽ നിങ്ങൾ എന്നോട് (മാത്രം) ഭയഭക്തി പുലർത്തുവിൻ

فَتَقَطَّعُوٓا۟ = അവർ (പിന്നീട് ജനം) കഷ്ണിച്ചു(വിഭജിക്കുകയായിരുന്നു)

أَمْرَهُم = അവരുടെ കാര്യത്തെ (ദീനിനെ) بَيْنَهُمْ = അവർക്കിടയിൽ زُبُرًا = കഷ്ണങ്ങളായിട്ട് (കക്ഷികളാക്കി)

كُلُّ حِزْبٍۭ = എല്ലാ ഓരോ കക്ഷിയും

بِمَا لَدَيْهِمْ = അവരുടെ അടുത്തുള്ളതുകൊണ്ട് (താന്താങ്ങളുടെ കൈവശമുള്ളതിൽ)

فَرِحُونَ = സന്തോഷിക്കുന്നവരാകുന്നു (നിഗളിക്കുന്നു)

أُمَّتُكُمْ أُمَّةً وَٰحِدَةً وَأَنَا۠ رَبُّكُمْ എന്ന വാക്യം നേരത്തേ സൂറഃ *അൽ അംബിയാഅ്* 92-ാം സൂക്തത്തിൽ വന്നിട്ടുള്ളതാണ്. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തത്തിന് താഴെ കാണുക. ഈ സന്ദർഭത്തിൽ വചന താൽപര്യം ഇതാണ്: എല്ലാ പ്രവാചകന്മാരും ഒരേ പ്രസ്ഥാനത്തിന്റെ വാഹകരും വക്താക്കളുമാണ്. എല്ലാവരും പ്രബോധനം ചെയ്ത ആദർശം ഒന്നു തന്നെയാണ്. മനുഷ്യരെയെല്ലാം ഒരൊറ്റ സമുദായമായി കെട്ടിപ്പടുക്കാനാണ് അവരൊക്കെയും ശ്രമിച്ചത്. ഞാൻ-ഏക ദൈവം-ആണ് നിങ്ങളുടെ യജമാനനും വിധാതാവും. ആകയാൽ നിങ്ങൾ എന്നോട് മാത്രം ഭയഭക്തി പുലർത്തുകയും എന്റെ ശാസനകൾ ധിക്കരിക്കുക മൂലം നരകാവകാശികളാകുന്നതു ഭയപ്പെടുകയും ചെയ്യുവിൻ എന്നാണ് അവരെല്ലാം ജനങ്ങളെ ഉദ്ബോധിപ്പിച്ചത്. പക്ഷേ ജനങ്ങൾ അവരുടെ മദമാത്സര്യങ്ങൾ മൂലം- بَغْيًا بَيْنَهُمْ -(2:90, 3:19, 42:14, 45:17) ഏകമായ ദീനിനെ പലതാക്കി കഷ്ണിച്ചു. ഓരോ വിഭാഗവും അവരവരുടെ ആസക്തികൾക്കും അഭിനിവേശങ്ങൾക്കും ഇണങ്ങുന്ന കഷ്ണം സ്വന്തം ദീനായി സ്വീകരിച്ചു. അങ്ങനെ എല്ലാ ദീനിലും ദൈവിക ദീനിന്റെ ചേരുവയുണ്ടാവുകയും അതോടൊപ്പം പ്രവാചകന്മാർ പ്രചരിപ്പിച്ച യഥാർഥ ദൈവിക ദീനിൽ നിന്ന് ബഹുദൂരം അകന്നു പോവുകയും ചെയ്തു. ഓരോ വിഭാഗവും തങ്ങളുടെ കൈവശമുള്ളതാണ് ഏറ്റവും വിശിഷ്ടവും മഹത്തരവുമായ മതമെന്ന്

അഭിമാനിക്കുകയും അഹങ്കരിക്കുകയും ചെയ്യുന്നു. ഈ അഹങ്കാരം അവർക്കിടയിലുള്ള പോരും മാത്സര്യവും കൂടുതൽ കൂടുതൽ വളർത്തിക്കൊണ്ടിരിക്കുന്നു. ഓരോ മതക്കാരും അവരുടെ അഹന്തയും പോരും വീര്യവും നിലനിർത്താൻ ഇതര മതങ്ങളെ അതിന്റെ ശത്രുസ്ഥാനത്തു നിർത്തുന്നു. പരസ്പരം നിന്ദിക്കാനും പോരടിച്ചു തോൽപ്പിക്കാനും യത്നിക്കുന്നു. ഇങ്ങനെ മനുഷ്യരെ ഏകീകരിക്കേണ്ട മതം അവരെ തമ്മിലടിപ്പിച്ചുകൊണ്ടിരിക്കുന്നു. പല മതങ്ങൾ തമ്മിൽ മാത്രമല്ല, ഓരോ മതത്തിന്റെയും അവാന്തര വിഭാഗങ്ങൾ തമ്മിലും ഈ പോരും പോരാട്ടവും നടക്കുന്നുണ്ട്. പരസ്പരം ശപിക്കുന്നവരും കാഫിറാക്കുന്നവരും കഴുത്തറുക്കുന്നവരുമൊക്കെ മുസ്‌ലിംകൾക്കിടയിലുമുണ്ട്. തങ്ങൾ ആചരിച്ചു വരുന്നത് ശരിയാകട്ടെ, തെറ്റാകട്ടെ, അതാണ് ദീനികൽപനയെന്നും മറു കക്ഷി ആചരിക്കുന്നത് യഥാർഥത്തിൽ ദീൻ കൽപ്പിച്ച സത്കാര്യമായാലും അതിനെ എതിർത്ത് ദീനീ വിരുദ്ധമെന്നും സ്ഥാപിക്കാനാണ് മിക്ക കക്ഷികളും പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. സംഘടനാ വൈവിധ്യങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ കേരളത്തിൽ തന്നെ ഇതിനു ഉദാഹരണങ്ങൾ കാണാം.

إِنَّ ٱلَّذِينَ فَرَّقُواْ دِينَهُمْ وَكَانُواْ شِيَعًا لَّسْتَ مِنْهُمْ فِى شَىْءٍ

(തങ്ങളുടെ മതത്തെ പിളർക്കുകയും പല കക്ഷികളായി പിരിയുകയും ചെയ്തവരുണ്ടല്ലോ, നിനക്ക് അവരുമായി യൊതൊരു ബന്ധവുമില്ല- 6:159) എന്ന് അല്ലാഹു മുഹമ്മദ് നബിയെ ഉദ്ബോധിപ്പിച്ചതൊന്നും അവർക്ക് ഒട്ടും പ്രശ്നമല്ല.

ഏതായാലും മതങ്ങൾ തമ്മിലുള്ള സംഘർഷത്തിനും മതത്തിനകത്തെ കക്ഷികൾ തമ്മിലുള്ള സംഘർഷത്തിനും ദൈവമോ സത്യമതമോ ഉത്തരവാദിയല്ല. 'ഒരു ദൈവം, ഒരു മതം, ഒന്നിച്ച മനുഷ്യൻ' ഇതാണ് സത്യമതത്തിന്റെ അടിസ്ഥാന മൂല്യം. ഈ മതം പ്രചരിപ്പിക്കാനാണ് പ്രവാചകന്മാർ ആഗതരായത്. അവർ ആ ദൗത്യം ഭംഗിയായി നിർവഹിക്കുകയും ചെയ്തു. പരസ്പര വിരുദ്ധമായ മതങ്ങളുണ്ടായത് മനുഷ്യന്റെ സ്വാർഥതയിൽ നിന്നും മദമാത്സര്യത്തിൽ നിന്നുമാണ്. മതങ്ങൾ തമ്മിലുള്ള തർക്കങ്ങളും സംഘർഷങ്ങളും എല്ലാ മതങ്ങളുടെയും സമ്പൂർണ നിഷേധത്തിന് ന്യായമാക്കുന്ന നിർമതവാദികൾക്കുള്ള മറുപടി കൂടിയാണിത്. അഹന്തയെയും മദമാത്സര്യത്തെയും തൃപ്തിപ്പെടുത്താൻ ഉപയോഗിക്കുമ്പോൾ മതം മാത്രമല്ല ഏതു പ്രസ്ഥാനവും സംഘർഷഭരിതവും മലീമസവുമാകും. നിർമതപ്രസ്ഥാനങ്ങളായ കമ്യൂണിസം, മുതലാളിത്തം, ജനാധിപത്യം തുടങ്ങിയ പ്രത്യയശാസ്ത്രങ്ങളുടെ പോലും അവസ്ഥ അതാണ്.

لِكُلٍّ جَعَلْنَا مِنكُمْ شِرْعَةً وَمِنْهَاجًا (നാം നിങ്ങളിൽ ഓരോ വിഭാഗത്തിനും ഒരു നിയമവ്യവസ്ഥയും കർമരീതിയും നിശ്ചയിച്ചിരിക്കുന്നു) എന്ന് ഖുർആൻ 5:48-ൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അപ്പോൾ എല്ലാവരും ഒറ്റ സമുദായമാകുന്നതെങ്ങനെയാണ്? ഒറ്റ സമുദായം എന്നു പറയുന്നത് അടിസ്ഥാനമൂല്യങ്ങളിലുള്ള ഏകത്വത്തെക്കുറിച്ചാണ്. നിയമസംഹിതയിലും കർമരീതിയിലും ഉള്ള ഏകത്വമല്ല. ചില അടിസ്ഥാന മൂല്യങ്ങളുടെ സംഘാതമാണ് ദീൻ. ദൈവത്താൽ നിയുക്തരായ എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്ത ദീനിന്റെ മൗലിക ഘടകങ്ങൾ ഒന്നാണ്. വിവിധ പ്രവാചകന്മാർ വ്യത്യസ്ത തത്വങ്ങളിലധിഷ്ഠിതമായ ദീൻ പ്രബോധനം ചെയ്തിട്ടുമില്ല. ദീനിതത്വങ്ങളിൽ നിന്ന് രൂപം കൊള്ളുന്ന നിയമവ്യവസ്ഥയും കർമപരിപാടിയുമാണ് ശരീഅത്ത്. വിവിധ കാലഘട്ടങ്ങളിൽ നിയുക്തരായ പ്രവാചകന്മാർക്ക് ദൈവം നൽകിയ ശരീഅത്ത്-അടിസ്ഥാന മൂല്യങ്ങളുടെ പ്രായോഗിക വ്യവസ്ഥ-അതതു കാലഘട്ടത്തിലെ നാഗരിക വികാസത്തിനിണങ്ങുന്നതും ആ വികാസത്തെ ത്വരിപ്പിക്കുന്നതുമായിരുന്നു. അല്ലാഹുവിന്റെ ഏകത്വം, പരമാധികാരം, സർവജ്ഞത, സർവശക്തി, പ്രവാചകത്വം, പ്രവാചകന്മാരോടുള്ള അനുസരണം, മരണാനന്തര ജീവിതം, രക്ഷാശിക്ഷകൾ തുടങ്ങിയ കാര്യങ്ങളിലൊന്നും പ്രവാചകന്മാർക്കിടയിൽ ഒരു വ്യത്യാസവും ഇല്ല. എന്നാൽ സാമൂഹിക രാഷ്ട്രീയ വ്യവഹാരങ്ങളിലും ആരാധനാ ക്രമങ്ങളിലും അവർ പഠിപ്പിച്ച രീതികളിൽ സ്ഥലകാല വൈവിധ്യങ്ങളോടും ജനജീവിതത്തിന്റെ സ്വഭാവ വിശേഷങ്ങളോടും പൊരുത്തപ്പെടുന്ന നിയമ വ്യത്യസ്തതകളുണ്ടായി. ഒന്നിനു പിറകെ ഒന്നായി പ്രവാചകന്മാർ ആഗതരായിക്കൊണ്ടിരുന്ന കാലഘട്ടങ്ങളിൽ അവർ തന്നെയാണ് നിയമവ്യവസ്ഥകളിൽ ആവശ്യമായ പരിഷ്കരണങ്ങൾ നിർദേശിച്ചിരുന്നത്. പ്രവാചകനിയോഗം അവസാനിച്ചപ്പോൾ ആ ഉത്തരവാദിത്തം മുസ്‌ലിം സമുദായത്തിൽ തന്നെ നിക്ഷിപ്തമായി. ഈ ദൗത്യം 'ഇജ്തിഹാദ്' എന്നറിയപ്പെടുന്നു. ഇജ്തിഹാദിന് മൂന്ന് നിദാനങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധവേദവും പ്രവാചകന്റെ ജീവിതചര്യയും പ്രഥമവും പ്രധാനവുമായ നിദാനം. പിന്നെ അവ രണ്ടിലും വ്യുൽപത്തിയുള്ള ദൈവഭക്തരായ ധിഷണാശാലികളുടെ നിസ്വാർഥമായ മനനവും.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَطِيعُواْ ٱللَّهَ وَأَطِيعُواْ ٱلرَّسُولَ وَأُوْلِى ٱلْأَمْرِ مِنكُمْ ۖ فَإِن تَنَـٰزَعْتُمْ فِى شَىْءٍ فَرُدُّوهُ إِلَى ٱللَّهِ وَٱلرَّسُولِ

(അല്ലയോ വിശ്വസിച്ചവരേ, അല്ലാഹുവിനെ അനുസരിക്കുവിൻ, അവന്റെ ദൂതനെയും അനുസരിക്കുവിൻ, നിങ്ങളിൽ നിന്നുള്ള കൈകാര്യധികാരികളെയും. ഒരു കാര്യത്തിൽ നിങ്ങൾക്കിടയിൽ തർക്കമുണ്ടായാൽ അതിനെ അല്ലാഹുവിലേക്കും ദൈവദൂതനിലേക്കും മടക്കുവിൻ- 4:59). മദമാത്സര്യങ്ങൾ മൂത്ത് ഇജ്തിഹാദിനെയും, ചിലർ വിഭാഗീയതക്കും കക്ഷിവഴക്കുകൾക്കുമുള്ള ഉപാധികളാക്കുന്നുണ്ട്.

ഇവിടെ امر -കാര്യം- കൊണ്ട് ഉദ്ദേശ്യം മതവും ധർമവ്യവസ്ഥയുമാണ്. زُبر -നെ زبور -ന്റെ ബഹുവചനമായും زُبرة -ന്റെ ബഹുവചനമായും പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്. زبور ഏടും ഗ്രന്ഥവുമാണ്. زبرة ഖണ്ഡവും. കട്ട, ദണ്ഡ് തുടങ്ങിയ അർഥങ്ങളിലും ഉപയോഗിക്കും. മതത്തെ പിളർത്തിയവർ വ്യത്യസ്ത വേദങ്ങളുടെയും സ്മൃതികളുടെയും വാഹകരായിത്തീർന്നു എന്നാണ് زبور -ന്റെ ബഹുവചനമായി ഗണിക്കുമ്പോൾ വിവക്ഷ. زُبرة -ന്റെ ബഹുവചനമാകുമ്പോൾ പല പല ഗ്രൂപ്പുകൾ അഥവാ മതവിഭാഗങ്ങളായി എന്നും. كُلُّ حِزْبٍ - ഓരോ കക്ഷിയും- എന്ന തുടർവാക്ക് ഈയർഥത്തെ സാധൂകരിക്കുന്നു. ഓരോ വിഭാഗവും അംഗീകരിച്ച വിശ്വാസങ്ങളും ആചാരങ്ങളും, അല്ലെങ്കിൽ വേദങ്ങളും സ്മൃതികളുമാണ് بِمَا لَدَيْهِمْ എന്ന വാക്യത്തിന്റെ താൽപര്യം. ഈ വാക്ക് زُبر -നെ زبور -ന്റെ ബഹുവചനമായി സ്വീകരിക്കുന്നതിനെയും സാധൂകരിക്കുന്നു. രണ്ടിന്റെയും ആശയം സാരാംശത്തിൽ ഒന്നു തന്നെയാണ്. ■